

FRIDAY 21/11/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/11/2025

1. 2025 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ഉപന്യാസ രചന (മലയാളം/ ഇംഗ്ലീഷ്), കാർഷിക ക്വിസ് മത്സരങ്ങൾ നവംബർ 27ന് തിരുവനന്തപുരം പാറോട്ടുകോണത്തെ സംസ്ഥാന സോയിൽ മ്യൂസിയത്തിൽ വച്ച് സംഘടിപ്പിക്കും.. താല്പര്യമുള്ള വിദ്യാർഥികൾ നവംബർ 22 ന്, വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷിക്കേണ്ടതാണ്. ഇ-മെയിൽ (worldsoildaykerala2025@gmail.com)/ ഫോൺ: 0471 2541776/9544727095/7025802695 മുഖേന രജിസ്റ്റർ ചെയ്യണം.

2. അസംഘടിത മേഖലയിലെ റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബർ ടാപ്പർമാർ, റബ്ബറുത്പാദക സംഘങ്ങളിലെ സമൂഹ സംസ്കരണ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള സ്വന്തം റബ്ബർതോട്ടത്തിൽ റെയിൻഗാർഡ് ചെയ്ത നൂറ് മരങ്ങളിലെങ്കിലും സ്വയം ടാപ്പിങ് നടത്തുന്ന കർഷകർ എന്നിവർക്ക് ഈ

പദ്ധതിയിൽ ചേരാം. അപേക്ഷകർ 18-നും 59-നും ഇടയിൽ പ്രായമുള്ളവരും കുറഞ്ഞത് ഒരു വർഷമായി ജോലിയിൽ തുടരുന്നവരും ആയിരിക്കണം. പദ്ധതിയിൽ തുടരുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് വരെ സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടെയും അപകടമരണമോ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. 60 വയസ്സ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് അപകടമരണമോ വന്യമൃഗ ആക്രമണം മൂലമുള്ള മരണമോ സംഭവിച്ചാൽ നാല് ലക്ഷം രൂപയുടെയും അപകടം മൂലം പൂർണ അംഗവൈകല്യം സംഭവിച്ചാൽ രണ്ട് മുതൽ നാല് വരെ ലക്ഷം രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഓരോ വർഷവും പ്രീമിയം തുക അടച്ച് 70 വയസ്സ് വരെ പദ്ധതി പുതുക്കാവുന്നതാണ്. എന്നാൽ, 60 വയസ്സിനുശേഷം അംഗങ്ങൾക്ക് ആവശ്യമെങ്കിൽ പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണ്. ഇത്തരക്കാർക്ക് പദ്ധതിക്കാലയളവിൽ അടച്ച മൊത്തം പ്രീമിയം തുകയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആനുപാതികമായി ഒരു തുക ടെർമിനൽ ആനുകൂല്യമായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭിക്കും. ഗുണഭോക്താവ് അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ പ്രീമിയം തുക 300 രൂപയാണ്. ഓരോ ഗുണഭോക്താവിനും വേണ്ടി 900 രൂപ വീതം റബ്ബർബോർഡിന്റെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കും. പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി **2025 ഡിസംബർ 10 ആണ്.** കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ –0481 2301231 (എക്സ്റ്റൻഷൻ –336)

## പരിശീലന പരിപാടി

3. കോട്ടയം എംജി സർവകലാശാലാ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ നേതൃത്വത്തിൽ പ്ലാന്റ് ടിഷ്യൂകൾച്ചർ മേഖലയിലെ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള **ത്രിദിന ശിൽപശാല 27 മുതൽ** 29 വരെ സർവകലാശാലയിൽ നടക്കും. വിദ്യാർഥികൾക്ക് 2000 രൂപയും മറ്റുള്ളവർക്കു 3000 രൂപയുമാണു ഫീസ്. nipst.mgu.ac.in, 9446314151, 9645174637 ൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 26.11.2025 ന് **"കൂൺ കൃഷി"** എന്ന വിഷയത്തിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ 25.11.2025 ന് മുമ്പായി ബന്ധപ്പെടുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 854707077.

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 26, 27 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471–2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്– കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് –കർഷകരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ 2 കിലോ ആകുമ്പോൾ ഇറച്ചികോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള സമയത്ത് 9495000922, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. **കാർഷിക നിർദേശം**

കുരുമുളകിന്റെ കൊടിത്തലകൾ ശേഖരിക്കുന്നതിനു ആരോഗ്യമുള്ള മാതൃചെടികളെ ഇപ്പോൾ തിരഞ്ഞെടുക്കാവുന്നതാണ്. ഇതിനായി നടിൽ വസ്തുവായി ഉദ്ദേശിക്കുന്ന ചെന്തലകൾ മണ്ണിൽ പടരാൻ അനുവദിക്കാതെ കുരുമുളകു ചെടിയുടെ ചുവട്ടിൽ ഉറപ്പിച്ച ചെറിയ കമ്പുകളിൽ ചുറ്റി വയ്ക്കാവുന്നതാണ്.